## ചരമോപചാരം

## സിദ്ധാർത്ഥൻ കാട്ടുങ്ങൽ, ജെ.എ. ചാക്കോ, ക്യാപ്റ്റൻ ലക്ഷ്മി സൈഗാൾ എന്നിവരുടെ നിര്യാണം

### സിദ്ധാർത്ഥൻ കാട്ടുങ്ങൽ

മുൻ നിയമസഭാംഗം സിദ്ധാർത്ഥൻ കാട്ടുങ്ങൽ 2012 ജൂൺ 17–ന് അന്തരിച്ചു.

തൃശ്ശൂർ ജില്ലയിലെ കോടന്നൂർ പള്ളിപ്പുറം കെ. ചാത്തുക്കുട്ടിയുടെയും അമ്മുവിന്റെയും മകനായി 1944 മേയ് 16–ന് സിദ്ധാർത്ഥൻ കാട്ടുങ്ങൽ ജനിച്ചു. കെ.എസ്.യു.–വിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും സജീവ പ്രവർത്തകനായാണ് സിദ്ധാർത്ഥൻ കാട്ടുങ്ങൽ രാഷ്ട്രീയത്തിലെത്തിയത്. 1977–ൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽനിന്നും അഞ്ചാം കേരള നിയമസഭയിലേയ്ക്കും 1982–ൽ നാട്ടിക നിയോജക മണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയിലേയ്ക്കും കോൺഗ്രസ് പ്രതിനിധിയായി സിദ്ധാർത്ഥൻ കാട്ടുങ്ങൽ തെരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, കെ.പി.സി.സി. നിർവ്വാഹക സമിതിയംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള സിദ്ധാർത്ഥൻ കാട്ടുങ്ങൽ സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ഡയറക്ടർ, ഔഷധി ചെയർമാൻ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റിലും, കാർഡമം ബോർഡിലും അംഗമായിരുന്നു. സിദ്ധാർത്ഥൻ കാട്ടുങ്ങലിന്റെ നിര്യാണത്തോടെ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നത്.

### ജെ.എ. ചാക്കോ

മുൻ നിയമസഭാംഗം ജെ.എ. ചാക്കോ 2012 ജൂൺ 23 ന് അന്തരിച്ചു.

കോട്ടയം ജില്ലയിലെ ഉരുളികുന്നം ജീരകത്തിൽ എബ്രഹാമിന്റെയും റോസമ്മയുടേയും മകനായി 1925 ജൂലൈ 25-ന് ജെ.എ. ചാക്കോ ജനിച്ചു. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് ജെ.എ. ചാക്കോ പൊതു പ്രവർത്തന രംഗത്തെത്തിയത്. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജെ.എ. ചാക്കോ 1967-ൽ മൂന്നാം കേരള നിയമസഭയി ലേയ്ക്കും 1970-ൽ നാലാം കേരള നിയമസഭയിലേയ്ക്കും അകലക്കുന്നം നിയോജകമണ്ഡലത്തിൽ നിന്നും കേരള കോൺഗ്രസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. കേരള നിയമസഭയുടെ പബ്ലിക് അക്കൗസ് കമ്മിറ്റി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി എന്നീ നിയമസഭാ സമിതികളുടെ ചെയർമാനായി ശ്രദ്ധേയമായ പ്രകടനമാണ് ജെ.എ. ചാക്കോ കാഴ്ചവച്ചത്. സഹകരണ മേഖലയിലെ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ജെ.എ. ചാക്കോ ദീർഘകാലം പാലാ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഭരണസമിതിയംഗവും ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റുമായിരുന്നു. പാലാബാർ അസോസിയേഷനിലെ മുതിർന്ന അഭിഭാഷകനായിരുന്ന ജെ. എ. ചാക്കോ അഡീഷണൽ ഗവൺമെന്റ് പ്ലീഡറായും പബ്ലിക് പ്രോസിക്യൂട്ടറായും പ്രവർത്തിച്ചിട്ടുണ്ട്. കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ ജെ.എ. ചാക്കോയുടെ നിര്യാ ണത്തോടെ പ്രമുഖനായ ഒരു സഹകാരിയേയും മികച്ച ഒരു അഭിഭാഷക നെയുമാണ് നഷ്ടമായിട്ടുള്ളത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗ ങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സ്വാതന്ത്ര്യസമരസേനാനിയും വനിതാ ക്യാപ്റ്റനുമായിരുന്ന ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിന്റെ ആകസ്മികമായ നിര്യാണം സംഭവിച്ചിട്ട് അതും നമ്മൾ ആദരിക്കേതും അനുസ്മരിക്കേണ്ടതും ആണെന്നാണ് എനിക്ക് തോന്നുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് യോജിക്കുകയാണ്. സ്വാതന്ത്ര്യ സമരത്തിലും അതിനുശേഷം ഉണ്ടായിട്ടുള്ള കാര്യങ്ങളിലും നിർണ്ണായകമായ പങ്ക് വഹിച്ച നമ്മുടെ നാട്ടുകാരി ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിനെക്കുറിച്ച് കേരളീയ സമൂഹത്തിന്റെ ഭാഗം എന്നുള്ള നിലയിൽ നമുക്കഭിമാനമാണുള്ളത്. ആ വേർപാടിലുള്ള ദു:ഖം രേഖപ്പെടുത്താനും അവരുടെ കുടുംബത്തോടും എല്ലാവരോടുമുള്ള അനുശോചനം പ്രകടിപ്പിക്കാനും ഈ അവസരം വിനിയോഗിക്കുകയാണ്.

മി. സ്പീക്കർ : സ്വാതന്ത്ര്യസമരത്തിലെ ധീരമായ സാന്നിദ്ധ്യമായിരുന്നു ക്യാപ്റ്റൻ ലക്ഷ്മിയുടെത്. ക്യാപ്റ്റൻ ലക്ഷ്മിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഒരു നിമിഷം നമുക്ക് എഴുന്നേറ്റ് നില്ക്കാം.

(അന്തരിച്ച ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## അടിയന്തരപ്രമേയം

### ബി.എസ്.എൻ.എൽ-ഉമായി ഉണ്ടാക്കിയ നിർമ്മാണക്കരാർ റദ്ദാക്കിയതുസംബന്ധിച്ച്

മി. സ്പീക്കർ അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് കിട്ടിയിട്ടുണ്ട്. ഇന്നലെ വൈകുന്നേരം നാലുമണിയോടുകൂടി സഭയിൽ ചർച്ച ചെയ്ത ഒരു വിഷയമാണ് ഇന്ന് അടിയന്തരപ്രമേയ നോട്ടീസായി തന്നിട്ടുള്ളത്. ഞാനിവിടെ ചട്ടങ്ങളൊന്നും ഉദ്ധരിക്കുന്നില്ല. നിങ്ങൾക്കെല്ലാവർക്കുമറിയാം, The motions shall not derived discussion on a matter which has been discuss in the same Session എന്നാണ്. 24 മണിക്കൂർപോലും കഴിഞ്ഞിട്ടില്ല...........(ബഹളം)..........ഞാൻ പറയട്ടെ, 24 മണിക്കൂർ പോലും

കഴിഞ്ഞിട്ടില്ല. ...........(ബഹളം).......... ഞാനിതൊരു വിഷയമാക്കുന്നില്ല. അങ്ങനെ ഒരു ഡിസ്ക്കഷൻ വിഷയമായി വന്നൊതൊന്നുമല്ല. പ്രസംഗ മദ്ധ്യേ പറഞ്ഞ ഒന്നിന് മറുപടി പറഞ്ഞതാണ്. അതുകൊണ്ട് ഡിസ്ക്കഷൻ ഉണ്ടായില്ല എന്ന് പറയുന്നതിൽ അർത്ഥമില്ല. പക്ഷേ, ആ വിഷയം ഫ്ളോറിൽ വന്നു. അത് ഇന്നലെ വൈകുന്നേരമായിരുന്നു. ആ വിഷയം ഇന്ന് അടിയന്തരപ്രമേയമായി വന്നാൽ സാധാരണഗതിയിൽ അനുവദിക്കേണ്ടതില്ല. എനിക്ക് തോന്നുന്നു, ഇവിടെ അടിയന്തര പ്രമേയത്തിന് നോട്ടീസ് തന്നതിൽ ശ്രീമതി പി. അയിഷാ പോറ്റി കൊണ്ടു വന്ന ഒരു അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് മാത്രമാണ് സ്വീകരിക്കാതിരുന്നത്. അടിയന്തരപ്രമേയത്തിനുള്ള മറ്റെല്ലാ നോട്ടീസും ചെയർ സ്വീകരിച്ചിട്ടുണ്ട്. ഇത് അടിയന്തരപ്രമേയമായി അവതരിപ്പി ക്കാനുള്ള അനുവാദം ചെയർ നൽകുകയാണ്. സഭ ഇന്ന് സമാപിച്ചാലും തുടർന്നും പോകുന്ന കാര്യമാണ്. ഒരുപാട് തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിച്ചുകൊണ്ട് നാം പിരിയുന്നതും ശരിയല്ല. എങ്കിലും അടിയന്തര പ്രമേയത്തിനുള്ള അനുമതി കൊടുക്കുകയാണ്.

കേരള വെറ്ററിനറി ആനിമൽ സയൻസ് സർവ്വകലാശാല കേന്ദ്ര ഗവൺമെന്റിന്റെയും നബാർഡിന്റെയും സഹായത്തോടെ നടപ്പാക്കുന്ന 165 കോടി രൂപ ചെലവുവരുന്ന പ്രവൃത്തിയുടെ ആദ്യഘട്ട നിർമ്മാണക്കരാർ അട്ടിമറിക്കുകയും പ്രോജക്ട് കൺസൾട്ടൻസിക്കു വേണ്ടി ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളുടെ എംപാനൽമെന്റ് നിലനിൽക്കേ കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ ഗൈഡ്ലൈൻസിനും ടെണ്ടർ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾക്കും വിരുദ്ധമായി കരാർ വ്യവ സ്ഥയിൽ മാറ്റം വരുത്തുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ള തായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, എസ്. ശർമ്മ, ജോസ് തെറ്റയിൽ, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയി

ട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി, അങ്ങേക്ക് മറുപടി പറയാം.

**ബി.എസ്.എൻ.എൽ.–ഉമായി ഉണ്ടാക്കിയ നിർമ്മാണക്കരാർ റദ്ദാക്കിയതുസംബന്ധിച്ച്**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, അങ്ങ് പറഞ്ഞതുപോലെ ഇന്നലെ വളരെ വിശദമായി ഇവിടെ ചർച്ച ചെയ്തതും എല്ലാവരും അവസാനം അംഗീകരിച്ചതുമായ രൂപത്തിലാണ് സഭ പിരിഞ്ഞുപോയത്. നബാർഡിന്റെ സഹായത്തോടെ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.–നെ ഏൽപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുമായി ഒരു ധാരണാപത്രം ഒപ്പിട്ടിരുന്നു എന്നത് ശരിയാണ്. അവരുമായി കരാർ ഒപ്പിടുന്നതിനുമുമ്പുതന്നെ ധാരണാപത്രത്തിലെ വ്യവസ്ഥകൾ സർവ്വകലാശാലയുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് യൂണിവേഴ്സിറ്റിയിലെ ചില എഞ്ചിനീയർമാർ ചൂണ്ടിക്കാണിച്ചിരുന്നു. അങ്ങനെ ധാരണാപത്രം പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തിയും ബി.എസ്.എൻ.എൽ. തന്നെ ഏറ്റെടുക്കുമെന്ന വ്യവസ്ഥ സർവ്വകലാശാലയ്ക്ക് സ്വീകാര്യമല്ല എന്ന് ബോദ്ധ്യപ്പെട്ടു. കാരണം, ഒരേ ഏജൻസി എസ്റ്റിമേറ്റ് എടുക്കുകയും അവർതന്നെ പദ്ധതി നടപ്പിലാക്കുകയും പിന്നീട് ബിൽ തയ്യാറാക്കുകയും ചെയ്യുകയെന്നത് വ്യവസ്ഥാപിത രീതികൾക്ക് വിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രത്തെ തുടർന്നുള്ള കരാർ ഒപ്പിടേണ്ടതില്ലെന്ന് തീരുമാനിച്ചു. ഈ വിവരം ബി.എസ്.എൻ.എൽ.–നെ അറിയിക്കുകയും ചെയ്തു. ഇതോടൊപ്പം പുതിയ സർവ്വകാലാശാലയുടെ ക്യാമ്പസുകൾ ആസൂത്രിതമായി വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തന

ങ്ങൾ ഏറ്റെടുക്കുകയാണ് അഭിലഷണീയമെന്ന് തീരുമാനിക്കുകയും അതിനായി അപേക്ഷകൾ ക്ഷണിക്കുകയും ചെയ്തു. ഉയർന്ന മാനദണ്ഡങ്ങൾ അവലംബിച്ചുകൊണ്ട് ഇതിനുമുമ്പ് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. ഏതാനും അപേക്ഷകളും ലഭിച്ചിരുന്നു. ഇപ്പോൾ മാനദണ്ഡങ്ങൾ കുറച്ച സ്ഥിതിക്ക് കൂടുതൽ അപേക്ഷകൾ ലഭിക്കുമെന്നാണ് പ്രതീക്ഷ. നേരത്തെ ലഭിച്ചതും ഇപ്പോൾ ലഭിക്കുന്നതും ചേർത്ത് പരിഗണിച്ചതിനുശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതായിരിക്കും. ഈ തീരുമാനങ്ങൾ സർവ്വകലാശാലയുടെ ഉത്തമതാൽപ്പര്യങ്ങൾമാത്രമേ സംരക്ഷിക്കുന്നുള്ളു എന്നതല്ലാതെ മറ്റൊരു താൽപ്പര്യവുമില്ല എന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

## ബി.എസ്.എൻ.എൽ-ഉമായി ഉണ്ടാക്കിയ നിർമ്മാണക്കരാർ റദ്ദാക്കിയതു സംബന്ധിച്ച്

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്നിവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന അടിയന്തരപ്രമേയത്തിന് മറുപടിയായി ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി തികച്ചും അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറഞ്ഞത്. അദ്ദേഹം ഇതൊരു സാധാരണ സംഭവംപോലെയാണ് സൂചിപ്പിച്ചിരിക്കുന്നത്. 28-06-2012-ന് ചേർന്ന വെറ്ററിനറി സർവ്വകലാശാലയുടെ അടിയന്തര ബോർഡ് മീറ്റിംഗ് രണ്ട് ഗുരുതരമായ ക്രമക്കേടുകൾ നടത്തിക്കൊണ്ട് ഖജനാവിന് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാക്കുന്ന വലിയ അഴിമതിക്കാണ് അരങ്ങൊരുക്കിയിരിക്കുന്നത്. ആ അഴിമതിയെയും ക്രമക്കേടുകളെയും മൂടിവയ്ക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇത് വളരെ ചെറിയൊരു കാര്യമായി പറയുന്നത്.

കേരളത്തിന്റെ സ്വപ്നമായ വെറ്ററിനറി സർവ്വകലാശാലയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റും നബാർഡും ചേർന്ന് 165 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. ഫണ്ട് അനുവദിച്ച് ഇത്രയും സമയമായിട്ടും യാതൊരുവിധ പ്രവർത്തനങ്ങളും നടത്താൻ സാധിച്ചിട്ടില്ല. 2011–ൽ ഇതുമായി ബന്ധപ്പെട്ട് 144 കോടിരൂപയുടെ പദ്ധതി സി.പി.ഡബ്ല്യു.ഡി –യെ നോമിനേഷൻ വ്യവസ്ഥയിൽ ഏൽപ്പിക്കാൻ തീരുമാനിച്ചു. ഇന്ത്യയി ലെ ഏറ്റവും പ്രധാനപ്പെട്ട, വിശ്വസ്ത ഏജൻസിയായ സി.പി.ഡബ്ല്യു.ഡി ഈ രീതിയിൽ ഏറ്റെടുക്കാൻ തയ്യാറാകില്ല എന്നുള്ളതുകൊണ്ട്, ശ്രീ. കപിൽസിബലിന്റെ ഓഫീസുമായി ബന്ധപ്പെട്ട് അവരെ ഈ എഗ്രിമെന്റിലേയ്ക്ക് എത്തിക്കുകയായിരുന്നു. അങ്ങനെ സി.പി.ഡബ്ല്യൂ.ഡി–യെ ഇതിന്റെ കൺസ്ട്രക്ഷൻ ഏജൻസിയായി തീരുമാനിക്കുകയും കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാ നോംസു കളും അംഗീകരിക്കുകയും കേന്ദ്ര–സംസ്ഥാന ധനകാര്യ വകുപ്പുകളുടെ അംഗീകാരത്തോടുകൂടി ആ തീരുമാനവുമായി മുന്നോട്ടുപോകുകയും ചെയ്തു എന്നുമാത്രമല്ല ഇപ്പോൾ ഇവിടെ കൺസൾട്ടൻസിയെ നിയമിക്കു ന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ, അതിന്റെ എക്സ്–ഒഫിഷ്യോ മെമ്പറായ ശ്രീ. എം.വി. ശ്രേയാംസ് കുമാർ പ്രത്യേക താൽപ്പര്യമെടുത്ത തിന്റെ അടിസ്ഥാനത്തിൽ, അന്നത്തെ ബോർഡ് മീറ്റിംഗിൽ സംസ്ഥാനത്തി നനുയോജ്യമായ ഒരു ആർക്കിടെക്റ്റ് വേണം, അതിനാവശ്യമായ നിലയിൽ നല്ല പ്രൊഫഷണലായ രീതിയിൽത്തന്നെ അതിനുവേണ്ട സംവിധാനമൊരുക്കണമെന്ന അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയോടുകൂടി യുള്ള താൽപ്പര്യംകൂടി പരിഗണിച്ചുകൊണ്ട് പ്രത്യേക കൺസൾട്ടൻസി ഏജൻസിക്കുവേണ്ടി യൂണിവേഴ്സിറ്റി ടെൻഡർ ക്ഷണിക്കുകയുണ്ടായി. Invitation for expression of interest (E.O.I) ക്ഷണിച്ചത് ഡീറ്റയിൽഡാ യാണ്. എന്തൊക്കെ ചെയ്യണമെന്നതിനെക്കുറിച്ച് വളരെ വിശദമായി ത്തന്നെ തീരുമാനിച്ചുകൊണ്ട്, ദേശീയാടിസ്ഥാനത്തിൽത്തന്നെ

റെപ്യൂട്ടേഷനുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടേയും സെമി-ഗവൺമെന്റുകളുടേയും റെപ്യൂട്ടഡ് പ്രൈവറ്റ് സ്ഥാപനങ്ങളുടേയും ഇത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കി, 100 കോടി രൂപയ്ക്കു മുകളിലുള്ള വർക്കുകൾ ചെയ്ത് പരിചയമുള്ളതും 15 വർഷം എക്സ്പീരിയൻസുമുള്ള കമ്പനികളെയായിരിക്കണം എന്നതുൾപ്പെടെ യുള്ള സ്റ്റിപ്പുലേഷൻ വച്ചുകൊണ്ട് വളരെ വിശദമായി ദേശീയ ദിനപ്പത്ര ങ്ങളുൾപ്പെടെയുള്ള മാധ്യമങ്ങളിലെല്ലാം പ്രചരിപ്പിച്ച് വളരെ വ്യക്തമായ നിലയിൽ ടെൻഡർ ക്ഷണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 'ചില ആളുകൾ വന്നു' എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. 25 കമ്പനികളാണ് എംപാനലിനുവേണ്ടി ഇവിടെ വന്നത്. അതിൽ 100 കോടിയിലധികം രൂപയുടെ 3 പ്രോജക്ടുകൾ ഏറ്റെടുത്ത് 15 വർഷം പരിചയമുള്ള ഏറ്റവും റെപ്യൂട്ടഡായിട്ടുള്ള 15 ഏജൻസികളടക്കമുള്ള കമ്പനികളുടെ ലിസ്റ്റ് യൂണിവേഴ്സിറ്റിയുടെ കൈവശമിരിക്കുന്ന സമയത്താണ് സി.പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ടതും അവരെ ഏൽപ്പിക്കാനുള്ള തീരുമാനമെടുത്തതും. പിന്നീട് വി.സി-യായി ചുമതലയേറ്റെടുത്ത ശ്രീ. ജയകുമാറിന് 30-12-2011-ന് ബി.എസ്.എൻ.എൽ-ന്റെ സിവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഹരികുമാർ ഒരു കത്തയച്ചു. അതിൽ സി.പി.ഡബ്ല്യു.ഡി-യുമായി ഉണ്ടാ ക്കിയിരിക്കുന്ന കരാർ വ്യവസ്ഥകളെല്ലാം അതേപടി പാലിച്ചുകൊണ്ട് ഈ വർക്കുകൾ ബി.എസ്.എൻ.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ സി.പി.ഡബ്ല്യു..ഡി-യെ ഇതിന്റെ എക്സിക്യൂട്ടീവ് ഏജൻസി ആക്കാനുള്ള തീരുമാനം മാറ്റി ശ്രീ. ജയകുമാറിന്റെ നിർദ്ദേശപ്രകാരം അന്നത്തെ ബോർഡ് ഓഫ് മീറ്റിംഗ് തീരുമാനിച്ച് ബി.എസ്.എൻ.എൽ എന്ന ഏജൻസിയെ ഏൽപ്പിക്കുകയാണുണ്ടായത്. ഈ ഏജൻസി ഇന്ത്യയിലെ

ഐ.എസ്.ഒ. 9001, 2008–ലെ പ്രത്യേക സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ് ലഭിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പദ്ധതി നടപ്പാക്കുന്നതും ബിൽ തയ്യാറാക്കുന്നതും ബി.എസ്.എൻ.എൽ ആണെന്ന് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി പറഞ്ഞു. ഇതൊരു പൊതുമേഖലാ സ്ഥാപനമാണെങ്കിലും എല്ലാ കാര്യങ്ങളും അംഗീകരിക്കണമോ എന്ന് ഇന്നലെ ശ്രീ. എം. വി. ശ്രേയാംസ് കുമാറും ചോദിക്കുകയുണ്ടായി. ഒരു പക്ഷേ അദ്ദേഹത്തിന് പൊതുമേഖലാ സ്ഥാപനത്തോട് വിരോധമുണ്ടായിരിക്കാം. പക്ഷേ ഞാൻ ചോദിക്കുന്നത്, അങ്ങനെയാണെങ്കിൽ ഈ ഗവൺമെന്റുതന്നെ 350 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ ബി.എസ്.എൻ.എൽ–നെ ഏൽപ്പിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി മറുപടി പറയേണ്ട കാര്യമാണിത്. ദേശീയ ഗെയിംസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള 110 കോടിരൂപയുടെ പദ്ധതി ശ്രീ. കെ. ബി ഗണേശ് കുമാറിന്റെ വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത് ബി.എസ്.എൻ.എൽ–നെയാണ്. ഇതേ ടേംസ് ആന്റ് കണ്ടീഷൻ വച്ചുകൊണ്ടുതന്നെയാണ് ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ വകുപ്പ് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 25 കോടി രൂപയുടെ പദ്ധതി ഈ ഏജൻസിയെ ഏൽപ്പിച്ചിരിക്കുന്നത്. അത് മോശമാണോ? ഈ വർക്കിന്റെയും എസ്റ്റിമേറ്റും ബില്ലുകളും അവർ തന്നെയാണ് തയ്യാറാക്കുന്നത്. അതുപോലെതന്നെ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വകുപ്പിലെ അനെർട്ട് 23 കോടി രൂപയുടെ വർക്കും ബി. എസ്.എൻ.എൽ–നെ ഏൽപ്പിച്ചിരിക്കുകയാണ്. അതെല്ലാം നിഷേധിക്കുന്നുണ്ടോ? ശ്രീ. കെ. സി. ജോസഫിന്റെ വകുപ്പിനുകീഴിൽ വരുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് 25 കോടി രൂപയുടെ പദ്ധതിയും വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽവരുന്ന കുസാറ്റ്–ന്റെ 11 കോടിരൂപയുടെ പദ്ധതിയും ഏൽപ്പിച്ചിരിക്കുന്നത് ബി.എസ്.എൻ.എൽ–നെ അല്ലേ? സംസ്ഥാന വ്യവസായവകുപ്പിന്റെ കീഴിലുള്ള ഇൻകെൽ 56 കോടി രൂപയുടെ പദ്ധതി ഏൽപ്പിച്ചിരിക്കുന്നതും ബി.എസ്.

എൻ.എൽ–നെയാണ്. വ്യവസ്ഥകളോടുകൂടി ഈ ഗവൺമെന്റിന്റെ വ്യത്യസ്ത വകുപ്പുകൾ 350 കോടിരൂപയുടെ പ്രവൃത്തികൾ ഏൽപ്പിച്ചു കൊടുത്തിരിക്കേ വെറ്ററിനറി സർവ്വകലാശാല മാത്രം ബി.എസ്.എൻ.എൽ –നെ മാറ്റിയത് എന്ത് താത്പര്യം സംരക്ഷിക്കാനാണ്? മാത്രമല്ല, 25 കൺസൾട്ടൻസി കമ്പനികൾ കൈവശമിരിക്കുമ്പോൾ അത് മറച്ചുവച്ചു കൊണ്ട്, അജൻഡപോലുമില്ലാതെ അടിയന്തരമായി യൂണിവേഴ്സിറ്റി ഒരു യോഗം ചേർന്നു, ബി.എസ്.എൻ.എൽ–ഉമായി എം.ഒ.യു ഒപ്പുവച്ചു എന്നു പറഞ്ഞത് ശരിയാണ്. പക്ഷേ 10–04–2011– ൽ യൂണിവേഴ്സിറ്റിയുടെ രജിസ്ട്രാർ ഒപ്പുവച്ചിരിക്കുന്ന Board of Management അപ്രൂവ് ചെയ്തിരിക്കുന്ന Award of work sanctioned Order (ഉത്തരവിന്റെ കോപ്പി ഉയർത്തിക്കാണിച്ചു) ബി.എസ്.എൻ.എൽ–നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവിന്റെ കോപ്പിയാണിത്. ഈ ഓർഡർ നിലവിലിരിക്കെ എം.ഒ.യു ഒപ്പുവയ്ക്കുന്നതിന് രണ്ടുദിവസംമുമ്പ്, കഴിഞ്ഞ ജൂൺ മാസം 28–ാം തീയതി, ഇവർ അതിനകത്ത് വെള്ളം ചേർത്തു. കേന്ദ്ര വിജിലൻസ് കമ്മീഷണർ ഇതുപോലെയുള്ള ഏജൻസികളെ നിയമിക്കുമ്പോൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്ന സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു ടെൻഡർ നടപടി പൂർത്തീകരിച്ച് കൈവശമിരിക്കുമ്പോൾ, ആ ടെൻഡർ നടപടിക്കുള്ള സ്റ്റിപ്പുലേഷൻ ഭേദഗതി വരുത്തി. 15 കൊല്ലത്തെ എക്സ്പീരിയൻസും 100 കോടിയിലധികം രൂപയുടെ വർക്ക് ചെയ്ത പാരമ്പര്യവും ഉണ്ടായിരിക്കണമെന്നുള്ള നിബന്ധനകളെല്ലാം എടുത്തുമാറ്റിയശേഷം 30 കോടി രൂപയുടെ വർക്കിന്റെ പ്രവൃത്തി പരിചയവും 10 വർഷത്തെ എക്സ്പീരിയൻസും ഉണ്ടായാൽ മതി എന്നാക്കി മാറ്റി.

<u>മി. സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങയുടെ പോയിന്റെല്ലാം വന്നു. പ്ലീസ് കൺക്ലൂഡ്....... പ്ലീസ് ........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. ടെൻഡർ നടപടി പൂർത്തീകരിച്ചിരിക്കുമ്പോൾ ആ ടെൻഡർ നടപടികളുടെ സ്റ്റിപ്പുലേഷൻ മാറ്റിയത് ആരെ സഹായിക്കാൻ വേണ്ടിയാണ്? 165 കോടിരൂപയുടെ കൺസൾട്ടൻസിയാണ്. സാധാരണനിലയിൽ കൺസൾട്ടൻസി ഏജൻസിക്ക് 3 മുതൽ 7 ശതമാനം വരെ കമ്മീഷൻ കൊടുക്കാം. അങ്ങനെ നോക്കുമ്പോൾ 15 കോടി രൂപ സ്വന്തം താത്പര്യക്കാരെ ഏൽപ്പിക്കാൻവേണ്ടി ഇവർ മാറ്റിവച്ചിരിക്കുകയാണ്. മാത്രമല്ല, 165 കോടി രൂപയുടെ ഒരു പദ്ധതി ആരംഭിക്കാൻ 11 മാസമായിട്ടും കഴിഞ്ഞിട്ടില്ല. അതിന്റെ പേരിൽമാത്രം 25 ശതമാനം നഷ്ടമുണ്ടായി. 165 കോടി രൂപയുടെ 25 ശതമാനമെന്നു പറയുമ്പോൾ ഏകദേശം 42 കോടിയോളം രൂപയുടെ നഷ്ടമാണുണ്ടായത്. ഇന്റർനാഷണൽ ബിഡ്ഡിംഗ് നടത്തി വിദേശ രാജ്യങ്ങളിൽനിന്നും ഇതിനാവശ്യമായ എക്യുപ്മെന്റ്സ് ഇറക്കുമതി ചെയ്യേണ്ടതുണ്ട്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ പ്ലീസ് കൺക്ലൂഡ്........ 9 മിനിറ്റായി......... പ്ലീസ് .........പ്ലീസ്, കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ചുരുക്കുകയാണ്. ഒരു ഡോളറിന് 48 രൂപ വിലയുണ്ടായിരുന്നത് ഇപ്പോൾ 58 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഒരു ഡോളറിന് 10 രൂപ വ്യത്യാസമുണ്ടായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കോടിക്കണക്കിന് രൂപ ഖജനാവിന് നഷ്ടമുണ്ടായിരിക്കുന്നു. എനിക്കൊന്നും അറിയില്ല എന്നു പറഞ്ഞ ശ്രീ. കെ. പി. മോഹനനോട് എനിക്ക് സഹതാപം തോന്നുകയാണ്. ഒരു മന്ത്രി അറിയാതെ ഒരു യൂണിവേഴ്സിറ്റി അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നു. 165 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതിൽ നയാപൈസപോലും ചെലവഴിക്കാതെ അഴിമതി നടത്താൻ സ്വന്തം സ്വജനപക്ഷപാതികൾക്കുവേണ്ടി, താത്പര്യക്കാർക്കു

വേണ്ടി സ്റ്റേറ്റിന്റെ താത്പര്യം ഹനിച്ചുകൊണ്ട് 50 കോടിയിലധികം രൂപയുടെ ക്രമക്കേട് നടത്തിയിരിക്കുകയാണ്. അതിനെയാണ് ഇവിടെ വെള്ളപൂശി കാണിക്കുന്നത്. ഞാനൊന്ന് ചോദിക്കട്ടെ, ബി.എസ്.എൻ.എൽ–ന്റെ വർക്ക് മോശമാണെങ്കിൽ ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ആരെങ്കിലും ബി.എസ്.എൻ.എൽ–നെ ഏൽപ്പിച്ച വർക്ക് ക്യാൻസൽ ചെയ്യാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, ഇതെല്ലാം നേരത്തെ പറഞ്ഞ കാര്യങ്ങളാണ്. പ്ലീസ് കൺക്ലൂഡ്...........

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇവിടെ ഡെൽഹി മെട്രോ കോർപ്പറേഷൻ 5600 കോടി രൂപയുടെ പദ്ധതി നോമിനേഷൻ വ്യവസ്ഥയിൽ ഏൽപ്പിച്ചില്ലേ? അതിൽ 800 കോടി രൂപ സർവീസ് ചാർജ് ഉണ്ടായിരുന്നു. ഇവിടെ കിറ്റ്കോ എന്ന പൊതു മേഖലാ സ്ഥാപനമുണ്ടായിരുന്നു. അവരോടുപോലും ചോദിച്ചിട്ടില്ല. ഇവിടെ പൊതുമേഖലാ സ്ഥാപനത്തെ ........

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ പ്ലീസ് കൺക്ലൂഡ്..... ഇത് നേരത്തെ പറഞ്ഞതാണ്. മൈക്ക് ഓഫ് ചെയ്യേണ്ടിവരും. പ്ലീസ് കൺക്ലൂഡ്...........

ശ്രീ. വി. എസ്. സുനിൽ കുമാർ: വാസ്തവത്തിൽ ഇത് വലിയൊരു സർവകലാശാലയെ നശിപ്പിക്കുകയാണ്. ഖജനാവ് കൊള്ളയടിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ നശിപ്പിക്കുകയാണ്. രാഷ്ട്രീയ ലാഭത്തിനുവേണ്ടി എന്തും ചെയ്യുന്ന യു.ഡി.എഫ്–ന്റെ സ്നേഹിതന്മാർ പലപ്പോഴും കോടികൾ ചെലവഴിച്ച് അവർക്ക് താത്പര്യമുള്ളവരെക്കൊണ്ട് താത്പര്യമുള്ളതുമാത്രം പറയിപ്പിക്കുന്നതിലെ കഥ യഥാകാലം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്..

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ ........ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തി സർവകലാശാലയെ തകർത്തിരിക്കുന്ന ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യണമെന്ന് പറയുന്നത് കേൾക്കാതിരിക്കുന്നതൊന്നും ഒരു പാർലമെന്റേറിയന്റെ മികവായിട്ടെടുക്കരുത്. ഞാൻ എത്ര പ്രാവശ്യം പറഞ്ഞു. I am very sorry.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രിയപ്പെട്ട വി. എസ്. സുനിൽകുമാർ എന്ത് കാര്യം അവതരിപ്പിക്കുമ്പോഴും ക്ഷോഭത്തോടുകൂടിയാണ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് സാരമില്ല. എനിക്കൊന്നും അറിയില്ലായെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആ യോഗത്തിൽ ഞാൻ പങ്കെടുത്തിട്ടില്ലായെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. യോഗത്തിൽ പങ്കെടുത്തിട്ടില്ലായെന്ന് പറഞ്ഞാൽ അറിയില്ലായെന്നല്ല. ഇന്നലത്തെ ഒരു യോഗത്തിൽ പങ്കെടുത്തിട്ടില്ലായെന്നു പറഞ്ഞിട്ടേയുള്ളൂ. അറിയില്ലായെന്ന് പറഞ്ഞിട്ടില്ല. ഞാൻ അറിയാതെ ഒന്നും ഇവിടെ നടക്കില്ല. ........ (ബഹളം)..........

ശ്രീ. ഇ. പി. ജയരാജൻ: സർ, യോഗത്തിൽ പങ്കെടുത്തില്ല എന്നു പറയുന്നത് സദുദ്ദേശം കൊണ്ട് മാത്രമാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ബി.എസ്.എൻ.എൽ. മോശമാണെന്ന് ആരും പറഞ്ഞിട്ടുമില്ല. ബി.എസ്.എൻ.എൽ ആണ് കരാറെടുത്ത് നടത്തുന്നത്. ബിൽ തയ്യാറാക്കുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി നടത്തുന്നതും അതിന്റെ ക്വാളിറ്റി പരിശോധിക്കുന്നതുമെല്ലാം അവരായാൽ പറ്റില്ല. അതുകൊണ്ടാണ്. ..........(ബഹളം)...........

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അങ്ങേയ്ക്ക് പറയാനുള്ളത് പറയൂ. അങ്ങേയ്ക്ക് പറയാനുള്ളത് ആദ്യം പറയൂ, എന്നിട്ട് അവർ പറയുന്നതിന് മറുപടി പറയൂ.

ശ്രീ. കെ. പി. മോഹനൻ: സർ, ഇതിൽ യാതൊരുവിധ അഴിമതിയുടെ കാര്യങ്ങളുമില്ല .......... (ബഹളം)..........

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,.......

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മിനിസ്റ്റർ പറഞ്ഞു കഴിയട്ടേ. നോ..... നോ......... അദ്ദേഹം വഴങ്ങും.

ശ്രീ. കെ. പി. മോഹനൻ: സർ, ബി.എസ്.എൻ.എൽ.-ന്റെ സെന്റേജ് കൂടാൻ പാടില്ലെന്നാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അവർ തന്നെയാണ്. അതോടൊപ്പം തന്നെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും മറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് 28-06-2012-ൽ കൂടിയ കമ്മിറ്റിയിൽ വളരെ കൃത്യമായി തീരുമാനമെടുത്തിട്ടുള്ളത്: The selected firm/firms shall submit the conceptual design of various structures proposed in different campuses of KVASU (Kerala Veterinary & Animal Science University) including a general profile of the Master Plan before the BOM for further scrutiny. The final selection of the firm shall be made by the BOM.

All designs shall be unique, eco friendly and conforming to all basic aspects of 'green building' and also merging with scenic profile of the existing campus. പരിസ്ഥിതി സൗഹൃദമാകണം എന്നതൊക്കെയായിരുന്നു ആദ്യത്തെ തീരുമാനം. പിന്നീടാണ് ഇതൊക്കെ തോന്നിയത്. അതുമായി ബന്ധപ്പെട്ട് എം.ഒ.യു. ഉണ്ടാക്കിയിരുന്നെങ്കിലും കരാർ ഒപ്പിട്ടിരുന്നില്ല. അതുകൊണ്ട് ചില ഭേദഗതികൾ വരുത്തണം. ചില കാര്യങ്ങൾ പരിശോധിച്ചപ്പോഴാണ് ഇത് മനസ്സിലാക്കാൻ സാധിച്ചത്. ....... (ബഹളം)..........അതാണ് പറഞ്ഞത്, ബിൽ തയ്യാറാക്കുന്നതു സംബന്ധിച്ചു തന്നെയാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ മന്ത്രി പറയുന്നത് ബിൽ തയ്യാറാക്കുന്നതും ടെണ്ടറുകൾ വിളിക്കുന്നതുമൊക്കെ ബി.എസ്.

എൻ.എൽ. ആയതുകൊണ്ടാണ് ഞങ്ങൾ ഇത് റദ്ദാക്കുന്നതെന്നാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിച്ച് ബിൽ തയ്യാറാക്കി കൊടുക്കുന്ന രീതിയാണ് സി.പി.ഡബ്ല്യു.ഡി., പി.ഡബ്ല്യൂ.ഡി., ബി.എസ്.എൻ. എൽ. (സിവിൽ വിംഗ്) എന്നിവരെല്ലാം ചെയ്യുന്നത്. ഇതേ വ്യവസ്ഥ അനുസരിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 350 കോടി രൂപയുടെ വർക്കിന് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ബി.എസ്.എൻ.എൽ–ന് ടെണ്ടർ കൊടുത്തിരിക്കുന്നത്. ഒരു പൊതു മേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ എം.ഒ.യു. റദ്ദാക്കിയതിന് കാരണമെന്താണ്; നേരത്തെ നിങ്ങൾ തയ്യാറാക്കിയ എം.ഒ.യു.–യിലെ വ്യവസ്ഥകൾ മാറ്റാൻ കാരണമെന്താണ്? ആ വ്യവസ്ഥകൾ മാറ്റിയിട്ടാണ് ഇപ്പോൾ നിങ്ങൾ തീരുമാനമെടുത്തിട്ടുള്ളത്. ഈ തീരുമാനം മാറ്റാനുള്ള കാരണമെന്താണ്; 35 കോടി രൂപയ്ക്ക് വേണ്ടിയിട്ടുള്ള എം.ഒ.യു. റദ്ദാക്കി യെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഒരു പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കിക്കൊണ്ട് കോഴിക്കോടുള്ള ഒരു സ്വകാര്യ കോൺട്രാക്ടർക്ക് കൊടുക്കാൻ വേണ്ടിയല്ലേ ഈ തീരുമാനമെടുത്തിരിക്കുന്നത്?

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഏറ്റവും വലിയ തുകയ്ക്കുള്ള വർക്ക് ബി.എസ്. എൻ.എൽ–ന് കൊടുത്തിരിക്കുന്നത് സ്പോർട്ട്സ് വകുപ്പാണ്. ഞങ്ങൾ ചെയ്തിരിക്കുന്നത് KITCO എന്ന പൊതുമേഖലാ സ്ഥാപനത്തെ കൺസൾട്ടന്റായി വച്ചിട്ടുണ്ട്. KITCO–യുടെ എഞ്ചിനീയർമാരാണ് ഡിസൈൻ തയ്യാറാക്കുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പരിശോധിച്ച് ബിൽ മാറിക്കൊടുക്കുന്നതും അവരാണ്. വർക്ക് മാത്രമേ ഞങ്ങൾ ബി.എസ്.എൻ.എൽ.–നെ കൊണ്ട് ചെയ്യിക്കുന്നുള്ളൂ. കാരണം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൈവറ്റ് ആയിട്ടുള്ള കൺസൾട്ടന്റുകളെ മാറ്റി നാഷണൽ ഗെയിംസിലേയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ കൺസൾട്ടന്റായും വർക്ക് ചെയ്യുന്നതിനും നിയമിക്കു

ന്നതിന്റെ ഭാഗമായി KITCO ആണ് എസ്റ്റിമേറ്റ് തയ്യാറാക്കി വിലയിരുത്തി കാൽക്കുലേറ്റ് ചെയ്തുകൊടുക്കുന്നത്. ...........(ബഹളം)......

ശ്രീ. കെ. പി. മോഹനൻ: സർ, KITCO ഒരു പൊതുമേഖലാ സ്ഥാപനമാണ്. M/s. KITCO for vetting the estimates, taking measurements of work done and authorisation of bills for payment. M/s KITCO shall provide at least two competent staff exclusively for the above purpose of Kerala Veterinary & Animal Science University ............(ബഹളം)..........യൂണിവേഴ്സിറ്റിയും അതുപോലെ തന്നെ KITCO –യും ചേർന്നുകൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത് കോഴി ക്കോടുള്ള ഒരു സ്വകാര്യ കോൺട്രാക്ടർക്ക് വർക്ക് ഏൽപ്പിക്കുന്നതിന് വേണ്ടിയാണെന്നാണ്, അങ്ങനെയുള്ള ഒരു കാര്യവുമില്ല. കമ്മിറ്റി കൂടി തീരുമാനിച്ചിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. ഒരു കോൺട്രാക്ടർക്കും വർക്ക് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് തീരുമാനിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ KITCO ആണ് ഇതിന്റെ കാര്യങ്ങളുമായി മുന്നോട്ടുപോകു ന്നത്. ഈ കാര്യത്തെക്കുറിച്ച് ഇത്രമാത്രം ചർച്ച ചെയ്യേണ്ട കാര്യമൊന്നു മില്ല. കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് അനുസൃതമായ ............(ബഹളം)................ ബി.എസ്.എൻ.എൽ.–ന് കരാർ കൊടുത്തതിൽ അപാകതകളുണ്ടെന്നും വ്യവസ്ഥ സർവ്വകലാശാലയുടെ താൽപര്യ ങ്ങൾക്ക് വിരുദ്ധമാണെന്നും ചില എഞ്ചിനീയർമാർ ചൂണ്ടിക്കാണിക്കു കയും ആ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാന ത്തിൽ ..........(ബഹളം)............ഇവർ ധാരണാപത്രം മാത്രമേ തന്നിട്ടുള്ളു. ..........(ബഹളം).............. ധാരണാപത്രം മാത്രമേ ഒപ്പുവച്ചിട്ടുള്ളു. അതു കൊണ്ട് കരാർ റദ്ദാക്കുകയാണ് ചെയ്തിരിക്കുന്നത്. കരാർ റദ്ദാക്കിയതിൽ യാതൊരു അഴിമതിയുമില്ല. അതുകൊണ്ടുതന്നെ മറ്റു ചർച്ച

കളിലേയ്ക്കൊന്നും പോകേണ്ടതായിട്ടില്ല. ഇന്നലെ ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തതാണ്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഇതൊരു സ്വകാര്യ കമ്പനിക്ക് ടെണ്ടർ കൊടുക്കാൻ തീരുമാനിച്ചിട്ടേയില്ല. ഈ കാര്യത്തിൽ ഒരു വിധത്തിലുള്ള സംശയവും ഉണ്ടാകാത്ത വിധത്തിൽ മാത്രമേ ഇതിന്റെ നടപടികൾ മുന്നോട്ട് നീങ്ങുകയുള്ളൂ. ശ്രീ. വി.എസ്. സുനിൽ കുമാർ ഇവിടെ തന്ന അടിയന്തരപ്രമേയ നോട്ടീസിൽ ഏറ്റവും മുഖ്യമായും പറഞ്ഞത് കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ ഗൈഡ്ലൈൻസിന് വിരുദ്ധമായി പ്രവർത്തിച്ചു എന്നാണ്. കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ ഗൈഡ്ലൈൻസ് എന്റെ കയ്യിലുണ്ട്. ആ ഗൈഡ്ലൈൻസിലിൽ പറയുന്നത് 'ഒരേ സ്ഥാപനം തന്നെ കൺസൾട്ടൻസിയും അതേ സ്ഥാപനം തന്നെ അതേ പദ്ധതിയുടെ തുടർ നടപടിയും സ്വീകരിക്കുന്നത് ചെയ്യാൻ പാടില്ല' എന്നാണ്. അവരുടെ സർക്കുലർ ഉണ്ട്. Office Order No. 75/12/04 :- The Commossion ( Commission means the Vigilance Commission) reiterates the recommendations made by the committee that the consultants/firm hired to provide consulting services for the preparation or implementation of a project and any of its affiliates will be disqualified from subsequently providing goods or works or services related to the initial assignment for the same project. ഇതാണ് വിജിലൻസ് കമ്മീഷന്റെ ഗൈഡ് ലൈൻസ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ 160 കോടി രൂപയുടേയും 40 കോടി രൂപയുടേയുമൊക്കെ പ്രോജക്ടിനെക്കുറിച്ചാണ് പറയുന്നത്. 5000 കോടി രൂപയുടെ കൊച്ചി മെട്രോ പദ്ധതിയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കൽ, ടെണ്ടർ വിളിക്കൽ തുടങ്ങിയവയെല്ലാം ആ പദ്ധതിയുടെ കൺസൾട്ടന്റായ ഡി.എം.ആർ.സി.യെ (ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ) ഏൽപ്പിക്കുന്നു എന്നല്ലേ അങ്ങ് പറഞ്ഞത്; അതിനപ്പുറം എന്താണ് ഇവിടെയുള്ളത്? ബി.എസ്.എൻ.എൽ. നിർമ്മാണ പ്രവൃത്തി ചെയ്യുന്നില്ല, അവർ ടെണ്ടർ വിളിച്ച് ചെയ്യിപ്പിക്കുകയാണ്. ഇവിടത്തെ പി.ഡബ്ല്യൂ.ഡി. ചെയ്യുന്നതിനുപകരം അവർ ചെയ്യുന്നു എന്നുമാത്രമേയുള്ളൂ. അതിനല്ലേ അവരെ ഈ പദ്ധതിയിൽ നിന്നും മാറ്റിയത്? അവിടത്തെ മൊത്തം കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് വേറെ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചുകൊള്ളൂ. പക്ഷേ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും മേൽനോട്ടം വഹിക്കുന്നതുമുൾപ്പെടെ ഇതിന് സമാനമായ പ്രവൃത്തി തന്നെയല്ലേ ഡി.എം.ആർ.സി.-യെയും ഏൽപ്പിച്ചിരിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഡി.എം.ആർ.സി-യുടെ പ്രശ്നം വന്നപ്പോഴും ഇക്കാര്യം ആലോചിച്ചിരുന്നു. അവർ ചെയ്ത ഡൽഹി മെട്രോയുടെ വർക്കും അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ എടുത്തിട്ടുള്ള വർക്കുകളുടെയും അടിസ്ഥാനത്തിൽ പ്രശ്നമുണ്ടാവില്ല എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് പ്രൊസീഡ് ചെയ്തത്. ഒരേ സ്ഥാപനത്തിന് എല്ലാം കൂടി കൊടുക്കാൻ പാടില്ലെന്ന് ഇതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വിജിലൻസ് കമ്മീഷണറുടെ ചട്ടങ്ങൾ ലംഘിച്ചു എന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് ശരിയല്ല, ചട്ടങ്ങൾ പാലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒരു സംശയവും വേണ്ട. ഏതെങ്കിലും ഒരു കമ്പനിക്ക് പുറംവാതിലിൽക്കൂടി കൊടുക്കാൻവേണ്ടിയുള്ളതല്ല. ഇത് കേന്ദ്രഗവൺമെന്റിന്റെ ഫണ്ടാണ്. അത് വിനിയോഗിക്കുന്ന സമയത്ത് വേണമെങ്കിൽ സി.പി.ഡബ്ള്യൂ.ഡി-യെ ഏൽപ്പിക്കാം അല്ലെങ്കിൽ സുതാര്യമായ ടെൻഡർ വിളിച്ചുമാത്രമേ വർക്ക് കൊടുക്കുകയുള്ളൂ എന്ന് വ്യക്തമാക്കാൻ കൂടി ആഗ്രഹിക്കുകയാണ്. ഇതൊരു പുകമറ സൃഷ്ടിക്കാൻ വേണ്ടിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ രീതിയിലാണെങ്കിൽ ബി.എസ്.എൻ.എൽ-ന് കൺസൽട്ടൻസി കരാർ കൊടുക്കുന്ന സമയത്തുണ്ടായിരുന്ന മാനദണ്ഡങ്ങൾ ഇപ്പോൾ മാറ്റാൻ ഈ കമ്പനി തീരുമാനിക്കാൻ കാരണമെന്താണ്. സുതാര്യമായിട്ടാണെങ്കിൽ ........മി. സ്പീക്കർ: മുഖ്യമന്ത്രി സംസാരിച്ച് വൈൻഡ്-അപ് ചെയ്യേണ്ടതാണ്. ചോദ്യോത്തരമായി മാറരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബി.എസ്.എൻ.എൽ-ന് കൊടുക്കുന്ന സമയത്ത് ഒരു മാനദണ്ഡവും പുറത്തുള്ളവർക്ക് കൊടുക്കുമ്പോൾ മറ്റൊരു മാനദണ്ഡവുമാണ്. ഇങ്ങനെ മാറ്റം വരുത്താനുള്ള കാരണമെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിന് മന്ത്രി മറുപടി പറഞ്ഞു. അവിടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ യൂണിവേഴ്സിറ്റിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ വച്ചു. ഈ കോൺട്രാക്ട് സംബന്ധിച്ച് ഒരു തീരുമാനവുമെടുക്കാത്ത സാഹചര്യത്തിൽ നിയമസഭ പിരിയുന്ന ദിവസം എന്തിനാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം കൊണ്ടുവന്നത്?

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കൺസൽട്ടൻസി കാമ്പസ് ഡിസൈൻ ചെയ്യുന്നതിനുവേണ്ടിയാണ്. കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റുണ്ടാക്കാൻ കൺസൽട്ടൻസിയുടെ പ്രശ്നമില്ല. അതുകൊണ്ട് വിജിലൻസ് കമ്മീഷണർ പറഞ്ഞ നിബന്ധന കൺസൽട്ടൻസി കൊടുക്കുന്ന സ്ഥാപനവും നിർമ്മാണം നടത്തുന്ന സ്ഥാപനവും ഒന്നാകരുത് എന്നു പറയുന്നത് സാധുവല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, subsequently providing goods or works or services related to the initial assignment for the same project എന്നാണ് വിജിലൻസ് പറഞ്ഞിരിക്കുന്നത്. അതിൽ ഇതെല്ലാം വരും. ഞാനിത് മേശപ്പുറത്ത് വയ്ക്കാം. അങ്ങ് വായിച്ചുനോക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് മേശപ്പുറത്തു വയ്ക്കാമെന്ന് പറഞ്ഞതുകൊണ്ടാണ് ചോദിക്കുന്നത്. നേരത്തെ കൺസൽട്ടൻസി കരാർ കൊടുക്കുന്ന സന്ദർഭത്തിൽ 100 കോടി രൂപ യുടെ 3 വലിയ പ്രവൃത്തി ചെയ്തിരിക്കണമെന്നതായിരുന്നു വ്യവസ്ഥ. സർവ്വകലാശാലയിലെ എഞ്ചിനീയർമാർ അത് 30 കോടി രൂപയായി കുറയ്ക്കുന്നതിന് പ്രൊപ്പോസ് ചെയ്യാൻ കാരണമെന്താണ്. സർവ്വകലാ ശാലയിലെ എഞ്ചിനീയർമാരുടെ താല്പര്യമാണെന്നാണ് അങ്ങ് പറയു ന്നത്. ഇങ്ങനെ മാറ്റം വരുത്താൻ എന്താണ് സർവ്വകലാശാലയിലെ എഞ്ചി നീയർമാർക്ക് താല്പര്യം? നേരത്തെയുണ്ടായിരുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി, പ്രവൃത്തി പരിചയം കുറച്ചുവെന്നതാണ് ഇവിടെയുണ്ടായ പ്രധാനപ്പെട്ട പ്രശ്നം. ഇതാണ് ഒരാളെ കണ്ടുവച്ചുകൊണ്ടാണ് മാറ്റം വരു ത്തിയതെന്ന് ഞങ്ങൾ ആരോപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സംബന്ധിച്ച് പഠിക്കണം. അങ്ങ് ഇത് പഠിച്ചതായി എനിക്ക് തോന്നുന്നില്ല. അങ്ങ് ശ്രീ. കെ. പി. മോഹനനെയോ മറ്റാരെയോ രക്ഷിക്കാൻവേണ്ടി ഇപ്പോൾ വക്കാലത്ത് ഏറ്റെടുത്തിരിക്കുകയാണ്. ഇത് വലിയൊരു കറപ്ഷന് ഇടവരുത്തും. അങ്ങേയ്ക്ക് ഇക്കാര്യത്തിൽ ഒന്നും ഒളിച്ചു വയ്ക്കാനില്ലെങ്കിൽ ഇത് സംബന്ധിച്ച്, ഞങ്ങൾ ഇന്നലെ ചോദിച്ചതു പോലെ, അന്വേഷണത്തിന് അങ്ങ് തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾക്ക് ഒരു അന്വേഷണത്തെയും ഭയമില്ല. പക്ഷേ നടക്കാത്ത ഒരു പണിയെക്കുറിച്ച്, എടുക്കാത്ത ഒരു തീരു മാനത്തെക്കുറിച്ച് ........ (ബഹളം)....... അന്വേഷണം നടത്തുമെന്ന് പറഞ്ഞ് പരിഹാസ്യനാകാൻ ഞാനില്ല. ഇതിൽ ഒരു അഴിമതിയുമില്ല, അതിനു വേണ്ടി ഒരു നീക്കവുമില്ല, ഇത് സുതാര്യമായി മാത്രമേ ചെയ്യുകയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. അങ്ങ് വിജിലൻസ് കമ്മീഷണറുടെ സർക്കുലർ

വായിച്ചു. കൺസൽട്ടൻസി കൊടുക്കുന്നത് സംബന്ധിച്ച് വിജിലൻസ് കമ്മീഷണർ വളരെ വ്യക്തമായി പറയുന്നത് ടെൻഡർ നടപടി ഒരിക്കൽ പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ അതിൽ പറഞ്ഞിരിക്കുന്ന കണ്ടീഷൻസ് പോസ്റ്റ് ടെൻഡർ സമയത്ത് മാറ്റാൻ പാടില്ലെന്നും മാറ്റിയാൽ കൃത്യമായ കറപ്ഷനാണെന്നുമാണ്. ഇവിടെ ടെൻഡർ നടപടി പൂർത്തീകരിച്ച് 25 കമ്പനിയുടെ എംപാനൽ ഉണ്ടായിരിക്കെ നിങ്ങൾ ടെൻഡർ നടപടി വ്യവ സ്ഥകൾ മാറ്റി മറ്റൊരു പുതിയ വ്യവസ്ഥയുണ്ടാക്കുന്നു. ആ പുതിയ വ്യവസ്ഥ നിലവിലുള്ള വ്യവസ്ഥയെക്കാൾ താഴ്ന്ന വ്യവസ്ഥയാക്കി ചില ആളുകളെ കൊണ്ടുവരാൻ ശ്രമിച്ചുവെന്നുള്ളതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി,

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ വഴങ്ങുന്നത് ഒന്നും ആരും അറിയാതെ പോകരുതെന്നുള്ളതുകൊണ്ടാണ്.

മി. സ്പീക്കർ: അതിൽ ചെയറിന് ഒരു വിഷമവും ഇല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഓഫീസ് ഓർഡർ ഞാൻ മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞു. .അത് വയ്ക്കുകയാണ്. (ഓഫീസ് ഓർഡർ മേശപ്പുറത്തു വച്ചു.) ഈ ഓഫീസ് ഓർഡറിൽ കൺസൽട്ടന്റ്സിനെക്കുറിച്ച് പറയുന്നുണ്ട്. A firm which has been engaged by the PSU to provide goods or works for a project and any of its affiliate will be disqualified from providing consulting services for the same project.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ...........

ശ്രീ. ഉമ്മൻ ചാണ്ടി: ഏത് ഓർഡറാണ്. ഓർഡർറിന്റെ നമ്പർ പറയൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: .................... in order to maintain transparency and fairness if it would be appropriate that organisation should involve a practice of finalising the acceptability of the bidding firms in respect of their qualifying criteria before or during holding

technical negotiation with him obtaining revised price bid from the firms which don't meet the qualification criteria. It would be incorrect. Therefore, the exercise of the short-listing of the qualifying firms must be completed prior to seek if the revised price bids. ഇത് കംപ്ലീറ്റ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. നിങ്ങൾ കംപ്ലീറ്റ് ചെയ്തതിനു ശേഷം ക്രൈറ്റീരിയയിൽ മാറ്റം വരുത്തി. ഇത് കൃത്യമായ ഫെയർ ആയിരിക്കണമെന്ന് സർക്കുലറിൽ പറഞ്ഞിരിക്കുന്നതിന് വ്യത്യസ്തമായിട്ടാണ് ...........

മി. സ്പീക്കർ: Yes....... Yes...... please..... please....

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. വി. എസ്. സുനിൽ കുമാർ, അവിടെ എം.ഒ.യു മാത്രമാണ് സൈൻ ചെയ്തത്. ..... (ബഹളം).... ഇത് യൂണിവേഴ്സിറ്റിയുടെ താല്പര്യം സംരക്ഷിക്കാൻവേണ്ടിമാത്രം ചെയ്തതാണ്. ഇതിൽ ഒരു തെറ്റുമില്ല. സുതാര്യമായിട്ട് തന്നെയായിരിക്കും ഇത് നടത്തുന്നത്. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്കൊന്നും തന്നെ .............(തടസ്സം)........

മി. സ്പീക്കർ : മൈക്ക് ഒക്കെയുണ്ട്. നിങ്ങൾ ബഹളം വയ്ക്കുന്നതുകൊണ്ടാണ് കേൾക്കാത്തത്. അദ്ദേഹം എഴുന്നേറ്റാൽ അപ്പോൾ മൈക്ക് കൊടുക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : മുഖ്യമന്ത്രിക്ക് വ്യക്തമായി മറുപടി പറയാൻ കഴിഞ്ഞില്ല. കൃഷിവകുപ്പുമന്ത്രി പറഞ്ഞത് ന്യായീകരിക്കാനുള്ള

വിഫലശ്രമമാണ് മുഖ്യമന്ത്രി നടത്തിയത്. നഗ്നമായ അഴിമതിയിലേയ്ക്ക് പോകുന്നത് തടയാനാണ് ഞങ്ങൾ അതിനെ ചോദ്യം ചെയ്യുന്നത്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഞങ്ങൾക്ക് എന്തെങ്കിലും കുഴപ്പം ഉണ്ടാക്കണമെന്നുള്ള ആഗ്രഹമില്ലെന്നാണ്. ആ സ്ഥിതിക്ക് മുഖ്യമന്ത്രിക്കും കൃഷിവകുപ്പുമന്ത്രിക്കും വിഷമമുണ്ടാകില്ലെന്നാണ് ഞങ്ങൾ കരുതുന്നത്. ഒരു ജുഡീഷ്യൽ അന്വേഷണം നടക്കട്ടെ. ഇക്കാര്യത്തിൽ നമ്മൾ എല്ലാവരുംകൂടി യോജിച്ചാൽ സത്യം പുറത്തുകൊണ്ടുവരാൻ കഴിയും. ഇതുസംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ്കുമാർ തന്നെ ബി.എസ്.എൻ.എൽ.-ന് കരാർ കൊടുത്തിട്ടുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. കിറ്റ്കോ എന്ന സ്ഥാപനം അതിന്റെ മേൽനോട്ടം നടത്തുമെന്നും പറഞ്ഞു. അതിനെക്കുറിച്ച് ശ്രീ. കെ.പി. മോഹനനൻ ആലോചിച്ച് ആ മാർഗ്ഗം സ്വീകരിക്കുന്നതിനെന്താണ് വിഷമം. അതെന്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃഷിവകുപ്പുമന്ത്രിയോട് ചോദിക്കാതിരുന്നതെന്നുള്ളതാണ് എനിക്ക് അദ്ഭുതം തോന്നിയത്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ഒരു ശരിയായ വസ്തുത പൊതുജനങ്ങൾ അറിയുന്നതിനുവേണ്ടി ജുഡീഷ്യൽ എൻക്വയറി നടത്തിയാൽ സത്യം പുറത്തുവരുമല്ലോ. അതിന് മുഖ്യമന്ത്രിക്കും ഗവൺമെന്റിനും അഭിപ്രായ വ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ലല്ലോ. ആ നിലയിൽ ഒരു സമീപനം സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടാനുള്ളത്. .......(ബഹളം).....

<u>ശ്രീ. സി. ദിവാകരൻ:</u> ഇതു സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയട്ടെ.

<u>മി. സ്പീക്കർ</u> : ശ്രീ. സി. ദിവാകരൻ......, മുഖ്യമന്ത്രിക്ക് പറയാനുള്ളത് പറഞ്ഞല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിക്ക് ഇനി ഇതിനെക്കുറിച്ച് ഞാൻ പറഞ്ഞതും കൂടി പരിഗണിച്ചുകൊണ്ട് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ പറയാം എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : മുഖ്യമന്ത്രിക്ക് പറയാനുണ്ടെങ്കിൽ അദ്ദേഹം എഴു ന്നേറ്റാൽ അപ്പോൾത്തന്നെ പെർമിറ്റ് ചെയ്യും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : മുഖ്യമന്ത്രി ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പറയുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർപോലും പ്രതീക്ഷി ക്കുന്നുണ്ടായിരിക്കും. അദ്ദേഹത്തിന് പറയാനുണ്ടെങ്കിൽ ഞാനിരിക്കാം. ഇല്ലെങ്കിൽ ഞാനെന്തുചെയ്യും. അതുകൊണ്ട് ന്യായമായ ഈ ആവശ്യം .....(ബഹളം).....

മി. സ്പീക്കർ : അത് ശരിയല്ല. പ്ലീസ്...പ്ലീസ്...

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇതുസംബന്ധിച്ചുള്ള ജുഡീഷ്യൽ എൻക്വയറി ....(ബഹളം).... അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളുടെ ഈ ആവശ്യം പരിഗണിക്കാത്തതിൽ ......ബഹുമാനപ്പെട്ട മുഖ്യ മന്ത്രി ഇതുസംബന്ധിച്ച് ഇപ്പോഴും നിശബ്ദനായി, സിസ്സഹായനായി പറയാ തിരിക്കുന്ന സാഹചര്യത്തിൽ ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുകയാണ്. ......(ബഹളം)...............

മി. സ്പീക്കർ : പ്രതിപക്ഷ നേതാവ് വാക്ക് ഔട്ട് ചെയ്യുന്നുവെ ന്നാണ് പറഞ്ഞത്. ശ്രീ. സി. ദിവാകരൻ, ...........(ബഹളം).......... ഇവിടെ പ്രതിപക്ഷ നേതാവ് വാക്ക് ഔട്ട് നടത്തുന്നുവെന്നാണ് പറഞ്ഞത്.......(ബഹളം)...... അൽപ്പസമയത്തേയ്ക്ക് സഭ നിറുത്തി വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളം മൂലം സഭ 10.16–ന് നിറുത്തിവച്ചു)